(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ് .എ.റ്റി.വി.എം.ജി.പി 9/2128 /2016 കേരളാ സ്റ്റേറ്റ്

ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.

തീയതി: 15.12.2016
ഇ-മെയിൽ lfadtvm@yahoo.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പഴയകുന്നമ്മേൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2128/2016 തീയതി: 15.12.2016

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.07.2016 മുതൽ 21.11.2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 07അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ. എ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24.11.2016മുതൽ 30.11.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ. പത്മകുമാർ.എസ് .എൽ ഓഡിറ്റ് ഓഫീസർ

ശ്രീ.അജിത് കുമാർ .ആർ.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീജിത്ത് .എസ് .കെ സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിജുലാൽമണി.എസ്.എൽ.സീനിയർ ഗ്രേഡ് ഓഡിറ്റർ.

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.എസ്.രഘുനാഥൻ നായർ, 01.04.2015 മുതൽ 31.10.2015 വരെ

ശ്രീമതി.എസ്.സിന്ധു, 19.12.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി : ശ്രീ.പി.ഗിരീശൻ, 01.04.2015 മുതൽ 31.03.2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ലീജിയാരാജു<br>ശ്രീ.മഹേഷ് റ്റി.എസ്. | 01.04.2015മുതൽ 16.05.2015വരെ<br>16.05.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ആഫീസർ (PHC) | ഡോ.ബിനോയ്.എസ്.ബാബു<br>ഡോ.പ്രീതാസോമൻ<br>ഡോ.ഷീജ.എം.പി | 01.04.2015മുതൽ 13.10.2015 വരെ<br>13.10.2015മുതൽ 01.02.2016 വരെ<br>01.02.2016മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.അരുണപ്രഭ<br>ശ്രീമതി.എം.ജി.രാധാമണി<br>ശ്രീ.വി.കെ.അപ്സരകുമാർ | 01.04.2015മുതൽ 21.07.2015 വരെ<br>22.07.2015മുതൽ 20.08.2015 വരെ<br>21.08.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽആഫീസർ (ആയുർവ്വേദം) | ഡോ.സോജ്.ആർ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിജയകുമാർ.എ | 01.04.2015മുതൽ 01.06.2015 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.റ്റിറ്റി.ബി.ജി | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.മനോജ് ശങ്കർ | 01/04/2015മുതൽ 10/03/2016 വരെ |
| | ശ്രീ.നിഹാദ്.എ.വി. | 01/04/2015മുതൽ 31/03/2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചന്ദ്രലേഖ.സി.എസ്സ്. | 01/04/2015മുതൽ 31/03/2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12. | ഡി&ഒ ലൈസൻസ് പിരിവിലെ വീഴ്ച- തനതുഫണ്ടിന് നഷ്ടം | 2-1 | |
| 13 | വാടകകുടിശ്ശിക ഈടാക്കുന്നതിന് നടപടിയില്ല | 2-2 | |
| 14 | വസ്തു നികുതി കുടിശ്ശിക-2545598/- രൂപ | 2-3 | |
| | ഭാഗം 3 | | |
| 15 | കുട്ടികളുടെ പാർക്ക് പ്രവർത്തനമില്ല | 3-1 | |
| 16 | റോഡ് പൂർത്തീകരിച്ചില്ല | 3-2 | |
| 17 | ഐ. എ വൈ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 3-3 | |
| 18 | കിണർ പുനരുദ്ധാരണം പൂർത്തിയായില്ല | 3-3 | |
| 19 | ഇ-സാക്ഷരത പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ച 2,32,300 രൂപ നിരാകരിക്കുന്നു | 3-4 | |
| 20 | പദ്ധതി ആസൂത്രണം അനാവശ്യച്ചെലവ് നടത്തിയത്-59,625/- രൂപ നിരാകരിക്കുന്നു | 3-5 | |

| | | | |
|---|---|---|---|
| | | | |
| 21 | ഗ്രാമപഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 3-6 | |
| | ഭാഗം 4 | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/വായ്പാതിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 28.03.2015 -ാം തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 128235318 രൂപ വരവും 124259125 -രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് (മുന്നിരിപ്പ് ഉൾപ്പടെ ) 71241518/-രൂപയും ചെലവ് 61211805 /-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 22.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 30.11.2015 | |

## 1-4 സാമ്പത്തിക വിശകലനം സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 24490369

വരവ് : 46751149

ആകെ : 71241518

ചെലവ് : 61211805

നീക്കിയിരിപ്പ് : 10029713

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്&ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3252553 | 3584089 (+4875415) | 11712057 | 11712057 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 3265227 | 7333796 (-1135699) | 9463324 | 9463324 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 71334 | 71334 | 71334 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 294691 | 3163136 | 3457827 | 3457827 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 293262 | 2267479 | 2560741 | 2560741 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1590890 | 4975150 (-749645) | 5816395 | 5816395 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 3480142 | 2198955 (-2990071) | 2689026 | 2689026 | 0 | 100 |
| എം.എൻ.ആർ .ഇ. ജി.എസ് | 26081 | 7502310 | 7528391 | 7526806 | 1585 | 99 |
| ബി ഫണ്ട് | 0 | 33203215 | 33203215 | 33203215 | 0 | 100 |
| ജനറൽ പർപ്പസ് | 2007777 | 7627643 | 9635420 | 9275989 | 359431 | 96 |
| സാക്ഷരത | 49878.64 | 2015 | 51893.64 | 0 | 51893.64 | 62 |
| മറ്റ് വരവുകൾ (ICDS,TSC) | 10229867.4 | 13928282 | 24158149.4 | 14541346 | 9616803.4 | 60 |

1.NREGS – EFMS സ്റ്റേറ്റ്മെന്റിലെ തുകയും I/E സ്റ്റേറ്റ്മെന്റിലെ EFMS തുകയും വ്യത്യാസമുണ്ട്.

2.പഞ്ചായത്തിലെ എല്ലാ ആസ്തികളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 76395277 | 125 | 44130662 | 12 | 38 | 71 |

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം 15 ശതമാനം കുറവുണ്ട്. കുടിശ്ശികകൾ പിരിച്ചെടുത്ത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ<br>വിനോദനികുതി | 110665 | 110550 | - 115 | - .10 |

| | | | | |
|---|---|---|---|---|
| തൊഴിൽ നികുതി | 2689735 | 2894145 | + 204410 | + 7.5 |
| കെട്ടിട നികുതി | 3416169 | 2340487 | - 1075682 | - 31 |
| നികുതിയേതര വരവുകൾ ലേലം | 2099404 | 1811674 | - 287730 | - 14 |
| ഷോപ്പിംഗ് കോംപ്ലക്സ് | 730458 | 1118300 | + 387842 | + 53 |
| ഡി.&ഒ ലൈസൻസ് | 160260 | 170050 | + 9790 | + 6 |
| മറ്റ് വരവുകൾ | 1740840 | 889450 | - 851390 | - 49 |
| ആകെ | 10947531 | 9334656 | - 1612875 | - 15 |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 742080 | 443 |
| കർഷക തൊഴിലാളി പെൻഷൻ | 3661200 | 473 |
| വിധവാപെൻഷൻ | 13745640 | 1438 |
| വാർദ്ധക്യകാല പെൻഷൻ | 11805180 | 1770 |
| വികലാംഗ പെൻഷൻ | 2644415 | 260 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 360000 | 36 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 235200 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2016 10.30 amന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5508/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾ 1997, ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.07.2016-13.07.2016 | 2014-15 | 06.08.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.04.2004 മുതൽ 03.05.2004 വരെ | 1997-1998 മുതൽ 2003-2004 വരെ | 10.08.2004 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 D&O ലൈസൻസ് പിരിവിലെ വീഴ്ച – തനതു ഫണ്ടിന് നഷ്ടം

2015-16 വർഷത്തെ D&O ലൈസൻസ് വരവ് രേഖകൾ പരിശോധനയിൽ വളരെ കുറച്ച് സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ എന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്ത് പരിപാലിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ട്രേഡേഴ്സ് ലിസ്ററ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. 260 സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്ന, ക്രമ നമ്പർ,വാർഡ്,കെട്ടിട നമ്പർ എന്നിവ രേഖപ്പെടുത്താത്ത അപൂർണ്ണവും അവ്യക്തവുമായ ഒരു ലിസ്റ്റാണ് ഓഡിറ്റിന് ലഭിച്ചത്. എന്നാൽ ലൈസൻസ് രജിസ്റ്ററിലെ രേഖകൾ പ്രകാരം 320സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടുണ്ട്.

മേൽപറഞ്ഞ വസ്തുതകളിൽ നിന്നും ഡി&ഒലൈസൻസ് ആവശ്യപ്പെട്ട് പഞ്ചായത്തിനെ സമീപിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകുന്നുള്ളൂ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കിളിമാനൂർ നഗര ഭാഗം മുഴുവനായി ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ 2015-16 ഉൾപ്പെടെ മുൻ വർഷങ്ങളിൽ വലിയ നഷ്ടം ഉണ്ടായിട്ടുണ്ട്. അതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും, ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തുന്നതിനുമുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടിയില്ല.

കിളിമാനൂർ പഴയ മാർക്കറ്റ് സ്റ്റാൾ നമ്പർ V,VI എന്നീ മുറികൾ വാടകയ്ക്ക് എടുത്തിരുന്ന ശ്രീ.റസലുദീൻ വാടകയിനത്തിൽ 152808/-രൂപ കുടിശ്ശിക വരുത്തിയതായി കണ്ടു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 നുള്ള മറുപടിയിലും ,16-17 വർഷത്തിൽ പലതവണകളായി 103670 രൂപ ഒടുക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ നടന്നു വരുന്നതായും അറിയിച്ചിരുന്നു. വാടക കുടിശ്ശിക വരുത്തിയാൽ യഥാസമയം നടപടി സ്വീകരിച്ച് ,തുക ഈടാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. .റസലുദ്ദീനിൽ നിന്നും ഈടാക്കേണ്ട ബാക്കി തുകയായ 49138 രൂപയും പിഴപ്പലിശയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി - കുടിശ്ശിക 2545598 /-രൂപ.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 2015-16സാമ്പത്തിക വർഷം വസ്തുനികുതിയിനത്തിൽ അരിയറും കറന്റും ഉൾപ്പെടെ 2545598/-രൂപ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്. വസ്തുനികുതി പിരിച്ചെടുക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയ സംഖ്യ കുടിശ്ശിക വരുമായിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം പ്രസ്തുത തുക 3 വർഷത്തി നുള്ളിൽ പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതായിരിക്കും. ആയതിനാൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുട്ടികളുടെ പാർക്ക് പ്രവർത്തനമില്ല.

2015-16 ൽ പണി പൂർത്തിയാക്കിയ കുട്ടികളുടെ പാർക്ക് നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.

പദ്ധതി - കുട്ടികളുടെ പാർക്ക് നിർമ്മാണം

പദ്ധതി നമ്പർ - 178/16

അടങ്കൽ - 879000/- (ലോകബാങ്ക്)

ചെലവ് തുക - 820455/- (ബിൽ നമ്പർ 44/15-16,തീ.26.02.16)

നിർവ്വഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

കോൺട്രാക്ടർ - എസ്.ലാൽഡിങ്ക.

മേൽ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാന്റിനോട് ചേർന്ന് പാർക്കിന്റെ ചുറ്റുമതിലും കളി ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ , ഗേറ്റ് സ്ഥാപിച്ച് പൂട്ടിയ നിലയിൽ കാണപ്പെട്ട പാർക്കിൽ പുല്ല് വളർന്ന് വൃത്തിഹീനമായി കിടക്കുന്നു. ഇവിടെയുള്ള ഉപകരണങ്ങൾ തുരുമ്പെടുത്ത നിലയിലുമാണ് കാണപ്പെട്ടത്. 879000/- രൂപ മുടക്കി പണി ചെയ്ത പാർക്ക് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാതെ നശിക്കുന്ന അവസ്ഥയിലാണ്. ആവശ്യമായ ഇലക്ട്രിഫിക്കേഷനും ശുചീകരണ പ്രവർത്തനങ്ങളും നടത്തി പാർക്ക് പ്രവർത്തനമാരംഭിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 . കാനറാ-പാപ്പാല റോഡ് പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി - കാനാറാ-പാപ്പാല ഫോർമേഷൻ

പദ്ധതി നമ്പർ - 83/16

അടങ്കൽ - 100000/- (Own Fund)

ചെലവ് തുക - 98908/- ( ചെക്ക് നമ്പർ 4095382,തീ.26.03.16)

നിർവ്വഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

കോൺട്രാക്ടർ - എസ്.ലാൽഡിങ്ക.

2015-16 സാമ്പത്തിക വർഷം റോഡ് നിർമ്മാണത്തിനായി മേൽപറഞ്ഞ പദ്ധതി പ്രകാരം 98908 രൂപ ചെലവിട്ട് 18.5 മീറ്റർ ദൂരം സൈഡ് പ്രൊട്ടക്ഷൻ ചെയ്തിട്ടുണ്ട്. എന്നാൽ തുടർ പണികൾ ചെയ്യാതെ അവശേഷിക്കുന്നതായാണ് സ്ഥല പരിശോധനയിൽ കണ്ടത്. ബാക്കിയുള്ള പണികൾ പൂർത്തിയാക്കി പ്രസ്തുത റോഡ് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീക്കേണ്ടതാണ്.

## 3-3 ഐ.എ.വൈ ഭവനപദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

വി.ഇ.ഒ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ വിനിയോഗ സാക്ഷിപത്രം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | പദ്ധതി നമ്പർ | അടങ്കൽ | ചെലവ് തുക | ബിൽനമ്പർ , തീയതി |
|---|---|---|---|---|
| ഐ.എ.വൈ ഭവനപദ്ധതി(SC) | SOO36/16 | 1462500 | 552500 | 8/15-16,10.03.16 |
| | | | 910000 | 3/15-16, 02.12.15 |
| ഐ.എ.വൈ ഭവനപദ്ധതി(GL) | SOO25/168 | 812500 | 812500 | 2/15-16, 02.12.15 |
| ആകെ | | | 2275000 | |

മേൽപറഞ്ഞ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-4 കിണർഭവന പുനരുദ്ധാരണം പൂർത്തിയായിട്ടില്ല

താഴെ പറയുന്ന പദ്ധതികളിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ.

| പദ്ധതി | പദ്ധതി നമ്പർ | ഗുണഭോക്താവ് | അഡ്വാൻസ് നൽകിയ തുക | ചെക്ക്നമ്പർ , തീയതി | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭവനപുനരുദ്ധാരണം(SC) | 190/16 | ശ്രീ.മധു, വട്ടവിളവീട് | 12500 | 9378036, 20.02.16 | 12500 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ഭവനപുനരുദ്ധാരണം(SC) | 169/16 | ശ്രീമതി.സുശീല | 10000 | 15466, 26.06.15 | 15000 |
| പുതിയകിണർ നിർമ്മാണം(SC) | 171/16 | ശ്രീമതി.വൽസല | 10000 | 9374756, 30.03.15 | 7000 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 ന് നിർവ്വഹണഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ്. ഗുണഭോക്താക്കൾ ഒപ്പിട്ടു നൽകുന്ന കരാറിൽ പറഞ്ഞിട്ടുള്ള കാലാവധി കള്ളിൽ പണി പൂർത്തിയാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ഇ സാക്ഷരത പദ്ധതി- പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു-2,32,300 രൂപ നിരാകരിക്കുന്നു

പ്രോജക്ട്- ഇ സാക്ഷരതാ പദ്ധതി

നം- 13/2015-16

നിർവ്വഹണ ഉദ്യോദസ്ഥൻ- സെക്രട്ടറി

അടങ്കൽ- 5 ലക്ഷം

ചെലവായത് -2,32,300

ഗ്രാമപഞ്ചായത്തിലെ ഏകദേശം 15000 വ്യക്തികളെ ഇ-സാക്ഷരരാക്കുന്നതിന് വേണ്ടിയാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. വാർഡുകൾ തോറും പഠിതാക്കളെ സംഘടിപ്പിച്ച് പരിശീലനം നേടിയിട്ടുള്ള പരിശീലകരുടെ സഹായത്തോടെ ഇ-സാക്ഷരത നൽകുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്കുവേണ്ടി ടാബ്ലറ്റ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ, പരിശീലകർക്കുള്ള അലവൻസ്, പരിശീലകർക്കുള്ള പരിശീലന ചെലവ് എന്നിവയാണ് പ്രധാനച്ചെലവുകൾ. വികസനഫണ്ടിൽ നിന്നും രണ്ടുലക്ഷം രൂപയും പി.എൻ പണിക്കർ വിഞ്ജാൻ വികാസകേന്ദ്ര ( Dept of General Education, Govt. Of Kerala) ലഭ്യമാക്കുന്ന മൂന്ന് ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ജോലിസ്ഥലം, താമസസ്ഥലം എന്നിവ കേന്ദ്രീകരിച്ച് കോഴ്സുകൾ നടപ്പാക്കാനാണ് നിശ്ചയിച്ചത്. പത്തുമണിക്കൂർ ദൈർഘ്യമുള്ള ഈ കോഴ്സ് കഴിഞ്ഞാൽ ഓൺലൈനായി വിലയിരുത്തി സർട്ടിഫിക്കറ്റും നൽകി.

പദ്ധതിയുടെ നടത്തിപ്പിലേക്കായി 17 ടാബ്ലറ്റുകൾ8000/- രൂപ നിരക്കിൽ ആകെ 136000/-രൂപ (ഡി.ഡി. നം535704/16.3.16) ചെലവഴിച്ച് കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. 17 പേരെ പരിശീലകരായി തെരഞ്ഞെടുത്ത് 17 idea പോസ്റ്റ് പെയിഡ് സിം വാങ്ങി നൽകിയിരുന്നു. ഇവർക്കുള്ള പരിശീലനം നൽകാതെ തന്നെ സിം നൽകി ആക്ടിവേറ്റ് ചെയ്തതിനാൽ 18.9.15 മുതൽ 23.1.16 വരെയുള്ള കാലയളവിൽ ആകെ 96,300 /- രൂപ തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം idea യ്ക്ക് നൽകിയിട്ടുണ്ട്.

1. R.s 7913 ചെക്ക് നം. 11943/19.9.15

2. R.s 9683 ,, 11963/6.10.15

3. R.S 22389 ,, 12815/11.11.15

4. R.S 25741 ,, 12843/2.12.15

5. R.S 30574 ,, 12892/28.1.16

ഇതിനു ശേഷം പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിക്കുകയുണ്ടായി. അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആയി എടുത്തിട്ടുമില്ല. നിലവിൽ 10 ടാബാലറ്റുകൾ പഞ്ചായത്ത് ഓഫീസിലും 7 എണ്ണം പരിശീലകരുടെ കൈയിലുമാണുള്ളത്. ടാബ്ലറ്റുകളുടെ

വാറൻറി കാലാവധി 6.7.16ൽ (1 വർഷം) അവസാനിച്ചിട്ടുണ്ട്.

പദ്ധത നടപ്പാക്കാത്തതു കൊണ്ട് ടാബ്ലറ്റ് വാങ്ങാനായി ചെലവഴിച്ച 1,36,000 രൂപയും ഐഡിയ പോസ്റ്റ് പെയിഡ് കണക്ഷനായി ചെലവഴിച്ച96300 രൂപയും നഷ്ടപ്പെട്ടിട്ടുണ്ട്. പദ്ധതി നടപ്പാക്കാത്തതിന് വ്യക്തമായ കാരണം ബോധിപ്പിക്കാനും സാധിച്ചിട്ടില്ല. പദ്ധതിയിലുള്ള അപാകതകളും പഞ്ചായത്തിനുള്ള നഷ്ടത്തിൻെറ വിവരങ്ങളും ചുവടെ ചേർക്കുന്നു.

എ) പദ്ധതി മാർഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതിയാണ് നടപ്പാക്കാൻ ശ്രമിച്ചത്യ വ്യക്തമായ പ്ളാനിംഗിൻെറ അഭാവത്തിലും കാര്യക്ഷമതയില്ലായ്മയും കൊണ്ട് പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

ബി) ടാബിലറ്റുകൾ വാങ്ങി ഒന്നര വർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. പരിശീലകരുടെ കൈയിലുള്ള 7 ടാബ്ലറ്റുകൾ തിരികെ വാങ്ങാനും ശ്രമിച്ചിട്ടില്ല. പഞ്ചായത്തിൻെറ മറ്റ് ആവശ്യങ്ങൾക്കായി ടാബ്ലറ്റ് ഉപയോഗിക്കാൻ സാധിക്കില്ല. പരമാവധി 3-4 വർഷം കൊണ്ട് ഇവ ഉപയോഗശൂന്യമാവുകയോ സോഫ്ററ് വെയർ പഴയതാവുകയോ ചെയ്യും. ഇതു സംബന്ധിച്ച് വ്യക്തമായ അറിവ് ഇംപ്ളിമെൻറിംഗ് ഓഫീസർക്കില്ലാത്തതിനാൽ ശരിയായ ആസൂത്രണമില്ലാതെ സർക്കാർ പണം ദുർ വിനിയോഗം ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇതിലേക്കായി ചെലവഴിച്ച 136000 രൂപ നിരാകരിക്കുന്നു.

സി) ഐഡിയ പോസ്റ്റ് പെയ്ഡ് കണക്ഷനായി 18.9.15 മുതൽ 23.1.16 വരെയുള്ള കാലയളവിൽ ആകെ 96300 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനു മുൻപ് തന്നെ സിം ആക്ടിവേറ്റ് ചെയ്തതിനാലാണ് ഈ തുക നൽകേണ്ടിവന്നത്. പോസ്റ്റ് പെയ്ഡ് കണക്ഷനായി ആകെ നൽകിയ 96300 രൂപ നിരാകരിക്കുന്നു.

## 3-6 പദ്ധതി ആസൂത്രണം അനാവശ്യ ചെലവ് നടത്തിയത് - 59625 രൂപ നിരാകരിക്കുന്നു.

പ്രോജക്ട്- പദ്ധതി ആസൂത്രണം

പ്രോജക്ട് നം- 05/15

അടങ്കൽ തുക- 175000

ചെലവ്- 168577(വികസനഫണ്ട്, ജനറൽ)

നിർവ്വഹണോദ്യോഗസ്ഥ- സെക്രട്ടറി

ഡി.ഡി .നം - 59625

ബിൽ നം- 109/15-16

ഡി.ഡി നൽകിയത്- സജു, ആരതി പ്രിന്റേഴ്സ് പുളിമാത്ത്

2015-16 വർഷം "പദ്ധതി രൂപീകരണം" പ്രോജക്ടിനായി 168577 രൂപ ചെലവഴിച്ചിരുന്നു. പദ്ധതി പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൂടുന്നതിനും ഗ്രാമസഭ വിളിച്ച് ചേർക്കുന്നതിനും വികസന സെമിനാർ നടത്തി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും പ്രിന്റിംഗ് ചാർജ്ജുകൾക്കുമാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്തിട്ടുണ്ടെങ്കിലും വികസന രേഖ തയ്യാറാക്കി പുറപ്പെടുവിച്ചിട്ടില്ല.

വികസന രേഖയ്ക്കു പകരം പ്രോജക്ടിൽ നിന്നും വ്യത്യസ്തമായി നിലവിലെ ഭരണസമിതിയുടെ ഭരണ നേട്ടങ്ങൾ വിവരിച്ചുകൊണ്ട് "വികസന സാക്ഷാത്കാരത്തിന്റെ 5 വർഷങ്ങൾ" എന്ന പേരിൽ ഒരു പുസ്തകത്തിന്റെ 4500 കോപ്പികൾ പ്രിന്റ് ചെയ്ത് പുറത്തിറക്കിയിട്ടുണ്ട്. ഇതിലേക്കായി 59625 രൂപ ആരതി പ്രിന്റേഴ്സ്, പുളിമാത്ത് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ടിൽ ഉൾപ്പെടാത്തതും പദ്ധതി ആസൂത്രണവുമായി ബന്ധമില്ലാത്തതുമായ പ്രവൃത്തിയാണിത്. 4500 കോപ്പികൾ പ്രിന്റ് ചെയ്തതിന്റെ ആവശ്യകതയോ വിതരണം ചെയ്തതിന്റെ രേഖകളോ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 10-06-2015 ൽ 4500 എണ്ണം ലഭിച്ചതായും 4490 എണ്ണം അന്നു തന്നെ വിതരണം ചെയ്തതായും കാണിച്ചിട്ടുണ്ട്. ഇതിൽ വികസന രേഖ എന്നാണ് കാണിച്ചിട്ടുള്ളത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പൊതു വികസന കാഴ്ചപ്പാടും ഓരോ വിഷയ മേഖല സംബന്ധിച്ച വികസന കാഴ്ചപ്പാടും അവസ്ഥയും വ്യക്തമാക്കുന്ന രേഖയാണ് വികസന രേഖ. വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമ രൂപം നൽകിയ സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ നിന്നുള്ള ഭാഗങ്ങൾ ക്രോഡീകരിച്ചാണ് വികസന രേഖ തയ്യാറാക്കുന്നത്. ഭാവിയിലുള്ള വികസന കാഴ്ചപ്പാടാണ് ഇതിലുള്ളത്. ഇതനുസരിച്ചാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

എന്നാൽ 2015-16 വർഷം പഞ്ചായത്തിൽ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭകളിൽ ചർച്ച ചെയ്ത് വികസന സെമിനാർ നടത്തി പ്രോജക്ടുകൾ തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. വികസന രേഖ എന്ന പേരിൽ 5 വർഷത്തെ വികസന പ്രവർത്തനങ്ങൾ പ്രിന്റ് ചെയ്തതിൽ താഴെപ്പറയുന്ന അപാകതകളാണുള്ളത്

എ) വികസന രേഖ തയ്യാറാക്കുന്നതിന് പ്രത്യേകം ഉപസമിതി രൂപീകരിക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമ രൂപം നൽകിയ സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ നിന്നുള്ള ഭാഗങ്ങൾ ക്രോഡീകരിച്ച് വികസന രേഖ തയ്യാറാക്കണം. വരും വർഷങ്ങളിലെ വികസന കാഴ്ചപ്പാടാണ് വികസന രേഖയിലുണ്ടാകേണ്ടത്. ഇതിനുപകരം കഴിഞ്ഞ 5 വർഷങ്ങളിലെ വികസനം തയ്യാറാക്കി പ്രിന്റ് ചെയ്തതിന്റെ ആവശ്യകത വ്യക്തമല്ല. വരും വർഷങ്ങളിലെ പ്രോജക്ട് തയ്യാറാക്കാൻ ഇത് പ്രയോജനപ്പെടുന്നില്ല

ബി) "വികസന സാക്ഷാത്കാരത്തിന്റെ 5 വർഷങ്ങൾ" എന്ന പുസ്തകം എങ്ങനെയാണ് തയ്യാറാക്കിയതെന്ന് വ്യക്തമല്ല. ഉപസമിതി രൂപീകരിക്കുകയോ വിവരശേഖരണം നടത്തുകയോ ചെയ്തിട്ടില്ല. ഫയലിൽ പുസ്തകം പ്രിന്റ് ചെയ്തതിന്റെ വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ.

സി) അന്തിമ വികസന രേഖ അച്ചടിച്ച് അതിന്റെ കോപ്പി ജില്ലാ ആസൂത്രണ സമിതി, മുകൾതട്ട്/കീഴ് തട്ട് പഞ്ചായത്തുകൾ, പഞ്ചായത്തിന്റെ വിവിവധ സ്ഥാപനങ്ങൾ, വായന ശാലകൾ എന്നിവയ്ക്ക് വിതരണം ചെയ്യണം. ഇതിലേക്കായി പരമാവധി 200 മുതൽ 400 വരെ കോപ്പികൾ മതിയാകും. പക്ഷേ 4500 പകർപ്പുകൾ പ്രിന്റ് ചെയ്തതിന്റെ ആവശ്യകത വ്യക്തമല്ല.

ഡി) വികസന രേഖ എന്ന പേരിൽ "വികസന സാക്ഷാത്കാരത്തിന്റെ 5 വർഷങ്ങൾ" എന്ന പുസ്തകം പ്രിന്റ് ചെയ്ത് സ്റ്റോക്കിലെടുത്തത് 10-06-2015 ൽ ആണ്. പദ്ധതി ആസൂത്രണം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഇത് പുറത്തിറങ്ങിയതിൽ നിന്നും പദ്ധതിയുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് മനസ്സിലാക്കാം.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, നിലവിലെ കമ്മിറ്റിയുടെ 5 വർഷത്തെ വികസന പ്രവർത്തനങ്ങൾ പ്രിന്റ് ചെയ്ത് വാർഡ് മെമ്പർമാർ മുഖേന എല്ലാ വീടുകളിലും വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ടിൽ നിന്നും തീർത്തും വ്യതിചലിച്ചാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. ഇതിന്റെ ആവശ്യകതയും ബോദ്ധ്യപ്പെടുത്താനായിട്ടില്ല. ഇത്തരത്തിൽ പദ്ധതിയുമായി യാതൊരു ബന്ധവുമില്ലാത്ത പ്രവൃത്തി നടത്തി 4500 കോപ്പി പ്രിന്റ് ചെയ്ത വകയിൽ ചെലവഴിച്ച 59625 രൂപ നിരാകരിക്കുന്നു.

## 3-7 ഗ്രാമപഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് | - പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ |
| നം | - 23/15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | -സെക്രട്ടറി |
| എസ്റ്റിമേറ്റ് | -385002 |
| ചെലവഴിച്ചത് | - 25796 |

പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ISO സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് രൂപീകരിച്ചത്. 2014-15,2015-16 വർഷങ്ങളിലായി പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്. ഇതനുസരിച്ച് കൺസൾട്ടൻസിയായി എന്നാർ ബിസിനസ് കൺസൾട്ടൻറ് തിരുവനന്തപുരത്തിനെ ടെൻറർ മുഖേന തെരഞ്ഞെടുക്കുകയും അവരുമായി കരാറിലേർപ്പെട്ട് പദ്ധതി ആരംഭിക്കുകയും ചെയ്തു. നാളിതു വരെയായി താഴെപ്പറയുന്ന ചെലവുകൾ വന്നിട്ടുണ്ട്.

**2014-15**

| | |
|---|---|
| High speed scanner | - 164987 |
| ഫോട്ടോകോപ്പിയർ | - 84272 |
| ടോക്കൺഡിസ്പ്ളെ മെഷീൻ | - 30385 |
| | 279644 |

**2015-16**

| | |
|---|---|
| നെയിം ബോർഡ്, നോട്ടീസ് ബോർഡ്etc | -17115 |
| സീൽ | - 1275 |

| | |
|---|---|
| പ്രിൻറർ വാങ്ങിയത് | - 7406 |
| | 25796 |

പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

എ) 2014-15 വർഷം നടപ്പാക്കാൻ ഉദ്ദേശിച്ച് ആരംഭിച്ച പദ്ധതി 2015-16ൽ സ്പിൽ ഓവറായെങ്കിലും പൂർത്തിയാക്കാനായിട്ടില്ല. 2016-17 വാർഷികപദ്ധതിയിലും ഇത് ഉൾപ്പെടുത്തിയെങ്കിലും പദ്ധതിയിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല

ബി) എന്നാർ ബിസിനസ് കൺസൾട്ടൻറുമായി കരാർ പത്രം തയ്യാറാക്കിയെങ്കിലും സെക്രട്ടറിയോ എന്നാർ ബിസിനസ് കൺസൾട്ടൻറിൻെറ ആൾക്കാരോ ഒപ്പിട്ടിട്ടില്ല. സാക്ഷികളും ഒപ്പ് വച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിൽ പഞ്ചായത്തിൻെറ ഭാഗത്ത് നിന്ന് തികഞ്ഞ അലംഭാവമാണുള്ളത്.

സി) ISO സർട്ടിഫിക്കേഷൻെറ ഭാഗമായുള്ള പൗരസർവ്വേറിപ്പോർട്ട്, ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറിനുള്ള കർമ്മപരിപാടി, ക്വാളിറ്റി മാന്വൽ, പരിശീലനങ്ങൾ, പ്രീ അസ്സ്മെൻറ് ഓഡിറ്റ് എന്നിയൊന്നും നടത്തിയിട്ടില്ല.

ഡി) ISO സർട്ടിഫിക്കേഷൻെറ ഭാഗമായി വാങ്ങിയ ഫോട്ടോ കോപ്പി മെഷീൻ, പ്രിൻറർ എന്നിവ ഓഫീസ് ആവശ്യത്തിലേക്കായി ഉപയോഗിക്കാമെങ്കിലും ടോക്കൺഡിസ്പ്ളെ മെഷീൻ, ഹൈസ്പീഡ് സ്കാനർ എന്നിവ ഉപയോഗിക്കേണ്ടി വരുന്നില്ല. ഇവ വാങ്ങിയിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിച്ച് ISO സർട്ടിഫിക്കേഷൻെറ ഭാഗമായുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഇടങ്ങി വച്ച പദ്ധതികൾ പാതിവഴിയിൽ നിർത്തലാക്കുന്നതും അതത് വർഷം തന്നെ നടപ്പാക്കാത്തതും ശരിയായ ആസൂത്രണവും മോണിറ്ററിംഗ് ഇല്ലാത്തതുകൊണ്ടുമാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.


| | |
|---|---|
| നെയിം ബോർഡ്, നോട്ടീസ് ബോർഡ്etc | -17115 |
| സീൽ | - 1275 |
| പ്രിൻറർ വാങ്ങിയത് | - 7406 |
| | 25796 |


# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 25700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം | 25700 | -- |
| | 9477 | സമഗ്ര നെൽകൃഷി | 9477 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഏജൻസി | | നം./ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
| KSEB | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ലഭ്യമല്ല | 42311 | 42311 | -- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ.നം.306/2011 /LSGD/7.12.2011. | 11408753 | 4563503 | 1140875 | 424554 | 3422628 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോ ഴത്തെ അവസ്ഥ. |
|---|---|---|---|---|---|
| 2003-04 | 3-13 | 2006-07 | 3.1.1 | വിവിധ റോഡ് പണികൾ | തടസ്സം നിലനിൽക്കുന്നു. |
| 2003-04 | 3-4 | 2005-06 | 2.2.1 | രേഖകൾ ലഭ്യമല്ല | തടസ്സം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 71241518 (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61211805 (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 291925 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 232300 | ശ്രീ. പി. ഗിരീശൻ<br>സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 59625 | ” |
| ആകെ | 291925 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. ഗിരീശൻ | സെക്രട്ടറി, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് | മാനസഗിരി, കാട്ടായിക്കോണംപി.ഒ, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്നവ

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി11/1183.തീയതി 20.02.2014 | 3 | |
| 2001-02 | നം.എൽ.എഫ് റ്റി.ഡി. ജി.പി.9/259/08, dt 02.07.14 | 5 | |
| 2003-04 | നം.എൽ.എഫ്. റ്റി.ഡി .ജി.പി.11/388/05.dt 02.07.14 | 4 | |

| | | | |
|---|---|---|---|
| 2004-05 | നം.എൽ.എഫ്.റ്റി.ഡി .ജി.പി.11/1539/06 dt 02.07.14 | 2 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 9/1439/08/ dt 02.07.14 | 6 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.9/1834/09 dt 02.07.14 | 15 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.1168/11, dt 02.07.14 | 14 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.1169/11, dt 02.07.14 | 6 | |
| 2010-11 & 11-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.9/2719/13, dt 24.04.14 | 16 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.9/553/14 dt 07.06.2014 | | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 9/910/2015 dt 13.08.2015 | 12 | |
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 9/1313/2016, dt 30.07.1016 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ
ഒപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ. 3-19/2003/ധന, തീയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകളുടെ സംഗ്രഹം

REGS – EFMS സ്റ്റേറ്റ്മെന്റിലെ തുകയും I/E സ്റ്റേറ്റ്മെന്റിലെ EFMS തുകയും വ്യത്യാസമുണ്ട്.
പഞ്ചായത്തിലെ എല്ലാ ആസ്തികളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡപ്യൂട്ടി ഡയറക്ടർ